SMART PAGE

# എളുപ്പത്തിൽ പണമയക്കാം




സ്മാർട്ട് ഫോൺ വഴി ഒരാളുടെ അക്കൗണ്ടിലേക്ക് എളുപ്പത്തിൽ പണം കൈമാറാനുള്ള സംവിധാനമാണ് യു.പി.ഐ അഥവാ യൂണിഫൈഡ് പേമന്റ് ഇന്റർഫേസ്.

ഇന്ന് കുട്ടികൾക്കടക്കം വിവിധ സ്കോളർഷിപ്പ് ആവശ്യങ്ങൾക്കായി ബാങ്കുകളിൽ അക്കൗണ്ടുള്ള കാലമാണ്. മുതിർന്നവരുമായി ചേർന്നായിരിക്കും ഇത്തരം അക്കൗണ്ടുകൾ. നമ്മുടെ അക്കൗണ്ടിൽ നിന്നും നമ്മുടെ സുഹൃത്തിനോ അല്ലെങ്കിൽ സ്ഥാപനത്തിനോ പണമയച്ചു കൊടുക്കാൻ ബാങ്കിൽ പോയി ടോക്കൺ എടുത്ത് ക്യൂ നിന്ന് ഫോം പൂരിപ്പിച്ച് പണം കൈമാറുമ്പോഴേക്കും എത്ര സമയവും അധ്വാനവുമാണ് നഷ്ടം.

എന്നാൽ നെറ്റ്ബാങ്കിങ്ങും മൊബൈൽ ബാങ്കിങ്ങും വന്നതോടെ ഇതിന് മാറ്റം വന്നു. അപ്പോഴും വലിയ കടമ്പയായിരുന്നു ഓൺലൈൻ പേമന്റ്. ഒന്നിലധികം ബാങ്കുകളുണ്ടെങ്കിൽ അവയുടെ ആപ്ലിക്കേഷനെല്ലാം ഇൻസ്റ്റാൾ ചെയ്യണമായിരുന്നു. മാത്രമല്ല, ആക്റ്റീവാവാനും സമയമെടുത്തിരുന്നു. സർവ്വീസ് ചാർജ് ബാങ്കുകൾ ഈടാക്കും. മറ്റൊരു ബാങ്കിലെ പുതിയൊരു അക്കൗണ്ടിലേക്ക് പണമയക്കാനും കാലതാമസം ഉണ്ടാവാറുള്ളതുകൊണ്ട് ഉദ്ദേശിക്കുന്ന സമയത്ത് പണം അടക്കൽ ബുദ്ധിമുട്ടായിരുന്നു.

എന്നാൽ മൊബൈൽ നെറ്റ് ബാങ്കിങ് രംഗത്തെ ഇത്തരം പ്രശ്നങ്ങളെ കൂടി മറികടക്കുന്ന സംവിധാനമാണ് യു.പി.ഐ ഇടപാടുകൾ.

കേന്ദ്രസർക്കാർ അവതരിപ്പിച്ച ഭീം ആപ്ലിക്കേഷനാണ് ഇതിൽ മുഖ്യം. ഇപ്പോൾ യു.പി.ഐ സപ്പോർട്ട് ചെയ്യുന്ന അനേകം ആപ്ലിക്കേഷനുകളാണ് ഉള്ളത്. ഫോൺ പെ, ടെസ്, ചില്ലർ, പേടിഎം എന്നിവയെ കൂടാതെ ഓരോ ബാങ്കുകളുടെയും പിന്തുണയോടെ അനേകം ആപ്ലിക്കേഷൻ വേറെയും കാണാം. ഇതിൽ മിക്കതും മലയാളം പിന്തുണക്കുന്നതുമാണ്.

username@upi എന്ന രീതിയിലോ mobile number@upi എന്ന രീതിയിലോ നമുക്ക് യു.പി.ഐ ഐഡി ലഭിക്കാൻ ഭീം ആപ്പിൽ രജിസ്റ്റർ ചെയ്യാം. ടെസിൽ തൊട്ടടുത്ത് ടെസ് ഉപയോഗിക്കുന്നവർക്ക് payrecive ബട്ടൺ അമർത്തി കാഷ് അയക്കാം. ഇതുപോലെ ക്യൂ.ആർ. കോഡ് വഴിയും അയക്കാനാവും.

ഫോൺ പെ, ടെസ് എന്നീ ആപ്ലിക്കേഷൻ പ്രമോഷൻ ലിങ്ക് വഴി ഇൻസ്റ്റാൾ ചെയ്യുമ്പോൾ നമുക്ക് പണവും ലഭിക്കും. ഇതിനായി നിങ്ങൾ ഉപയോഗിക്കുന്ന ആപ്ലിക്കേഷനിലെ ഇൻവൈറ്റ് ലിങ്ക് ഉപഭോക്താക്കളെ ആകർഷിക്കാൻ ചുരുങ്ങിയ കാലത്തേക്കാവും ഈ ഓഫർ.

ബാങ്കുമായി ലിങ്ക് ചെയ്തിട്ടുള്ള മൊബൈൽ നമ്പറുള്ള സ്മാർട്ട് ഫോണിൽ നിന്ന് മാത്രമേ ആപ്പ് ഉപയോഗിക്കാനാവൂ. മൊബൈൽ നമ്പർ വെരിഫൈ ചെയ്യാൻ ആവശ്യമായ എസ്.എം.എസ്. അയക്കാനുള്ള കാഷും അതേ നമ്പറിലുണ്ടാവണം. എ.ടി.എം കാർഡും ഇതിനോടൊപ്പം വെരിഫൈ ചെയ്യും. ഇപ്രകാരം നമ്മുടെ നമ്പർ സ്ഥിരീകരിക്കുന്നതോടെ നമുക്ക് ബാങ്ക് ചേർക്കാം. അതിനായി ബാങ്ക് തെരഞ്ഞെടുത്താൽ മാത്രം മതിയാവും.

അപ്പോഴേക്കും നമ്മുടെ മൊബൈൽ നമ്പർ ഉപയോഗിച്ച് രജിസ്റ്റർ ചെയ്ത എല്ലാ അക്കൗണ്ടുകളും സ്ക്രീനിൽ കാണിക്കും. അതിലൊന്നും സ്ഥിരസ്ഥിതിയായി ഉപയോഗിക്കാം. ഇപ്രകാരം എത്ര ബാങ്കുകളും ചേർക്കാനാവും.

പണമയക്കലും പെട്ടെന്ന് നടക്കുന്നു. ഇതിനായി അതേ ആപ്ലിക്കേഷൻ ഉപയോഗിക്കുന്നവരുടെ കോണ്ടാക്ട് നമ്പർ മാത്രം തെരഞ്ഞെടുത്ത് പണമയക്കാം. മറ്റു യു.പി.ഐ. കോഡുപയോഗിക്കുന്നവരെ കോഡുപയോഗിച്ച് അയക്കാം. ഇതൊന്നും ഇല്ലാത്ത ഒരാളാണെങ്കിൽ അക്കൗണ്ട് നമ്പറും ഐ.എഫ്.എസ്.സി കോഡും ചേർത്തും സാധാരണ പോലെ പണമയക്കാം. അയച്ച നിമിഷം തന്നെ അധിക ചാർജുകളില്ലാതെ ഒരു മൊബൈൽ ടച്ചിലൂടെ പണം കൈമാറാനും സ്വീകരിക്കാനുമാവും.

ഒരു യു.പി.ഐ. കോഡ് വെച്ചു തന്നെ ഏത് ആപ്ലിക്കേഷനിലും രജിസ്റ്റർ ചെയ്യാനാവുമെന്നതും ഇതിന്റെ സവിശേഷതയാണ്.

• സുഹൈറലി തിരുവിഴാംകുന്ന്

▸▸ നോർവേയുടെ നാണയം– ക്രോണ